NATIONAL DAIRY DEVELOPMENT BOARD

# പട്ടുണ്ണി/ വട്ടൻ നിവരണത്തിനായി ഏകാരോഗ്യ (one health) സമീപനം

## പട്ടുണ്ണി നിവാരണത്തിന്റെ ആവശ്യമെന്താണ്?

- പട്ടുണ്ണി മൂലം പകരുന്ന രോഗങ്ങളായ അനാപ്ലാസ്മ, തൈലേറിയ, ബബീസിയോസിസ് എന്നീ രോഗങ്ങൾ മരണഹേതുവായേക്കാം.
- കനത്ത പട്ടുണ്ണി ബാധ രക്തകുറവ്, രോഗപ്രതിരോധ ശക്തി കുറവ് കൂടാതെ സാരമായ ഉല്പാദന കുറവ് എന്നിവയ്ക്കു കാരണമായേക്കാം.
- പട്ടുണ്ണി കടിച്ചുണ്ടാകുന്ന അലർജി കടുത്ത അസ്വസ്ഥകൾ ഉണ്ടാക്കുന്നു
- ഓരോ പട്ടുണ്ണിയും ഏകദേശം മൂവായിരത്തോളം മുട്ടകൾ വരെ ഇടുന്നതിനാൽ, അവയുടെ നിർമാർജ്ജനം എളുപ്പം അല്ല.
- പട്ടുണ്ണികൾ മനുഷ്യരെ ബാധിക്കുകയും ക്രൈമിയൻ കോങ്കോ ഹേമറാജിക് ഫീവർ (CCHF) പോലുള്ള ഗുരുതരമായ രോഗത്തിന് കരണമാവുകയും ചെയ്യുന്നു.

## കന്നുകാലികളിൽ കാണപ്പെടുന്ന പട്ടുണ്ണിയുടെ ജീവിതചക്രവും അതിന്റെ നിയന്ത്രണ മുറകളും.

ഉരുക്കളുടെ ചർമ്മത്തിൽ എത്തുന്ന ഇവ നിംഫുകളായി മാറുന്നു.



### നിയന്ത്രണ മുറ:

- ഉരുക്കളെ, പ്രത്യേകിച്ചും ചൂടും ഈർപ്പവും കൂടിയ കാലാവസ്ഥയിൽ അവയുടെ കഴുത്തിലും അകിടിലും പിൻഭാഗത്തും വിരലോടിച്ചു പട്ടുണ്ണി ബാധയുണ്ടോയെന്നു സ്ഥിരമായി പരിശോധിക്കുക.



ചോര കുടിച്ചു വീർത്ത നിംഫുകൾ ഏകദേശം 3 ആഴ്ച്ച കാലം കൊണ്ട് മണ്ണിലേക്ക് വീഴുന്നു, അവ മുട്ട ഇട്ടശേഷം അവയുടെ ജീവചക്രം അവസാനിക്കുന്നു

### നിയന്ത്രണ മുറ:

- നാടൻ കോഴികളെ വളർത്തുക അവ പട്ടുണികളെ ചികഞ്ഞു തിന്നു കൊള്ളും.
- ഉരുക്കൾക്കും അവയുടെ പരിസരവും സ്ഥിരാമായി പട്ടുണ്ണി നിവാരണം നടത്തുക.
- പുതുതായി വാങ്ങിയ പശുവിനെ മറ്റു പശുക്കളോടൊപ്പം കെട്ടുന്നതിന് മുൻപായി പട്ടുണ്ണി നിവാരണം നടത്തുക.
- പാരമ്പര്യ മരുന്നുകളും EVM (എഥനോ വേറ്ററിനറി മെഡിസിൻ) / പരാദ നിവാരണികളും മാറ്റി മാറ്റി ഉപയോഗിച്ച് പട്ടുണ്ണികൾ ഇവയ്ക്കെതിരെ പ്രതിരോധ ശക്തി നേടുന്നത് തടയുക.



ചോര കുടിച്ചു വീർത്ത ഒരു പട്ടുണ്ണി ഏകദേശം മൂവായിരത്തോളം മുട്ടകൾ നിക്ഷേപികുന്നു.

### നിയന്ത്രണ മുറ:

- ഉരുക്കളിലും പരിസരത്തും സ്ഥിരമായി പട്ടുണ്ണി നിവാരണം നടത്തുക



മുട്ട വിരിഞ്ഞ ശേഷം, ലാർവ പുല്ലിന്റെ അഗ്രഭാഗത്തായി കൂട്ടം കൂടുന്നു.

### നിയന്ത്രണ മുറ:

- അധിക പട്ടുണ്ണി ബാധയുള്ള മേച്ചിൽ ഇടങ്ങൾ ഒഴിവാക്കുക
- മേച്ചിൽ ഇടം അടിക്കടി മാറ്റുക.

## തീറ്റ പരിവർത്തനക്ഷമത

### പട്ടുണ്ണി നിവാരണം നടത്തിയില്ലെങ്കിൽ

- തൂക്കകുറവ്
- രോഗ പ്രതിരോധ ശക്തി കുറവ്
- പ്രതിരോധ കുത്തിവയ്പ്പ് ഫലം കിട്ടാതെ പോവുക
- പട്ടുണ്ണി പരത്തുന്ന രോഗങ്ങൾ ( ബബീശീയ, തൈലേറിയ, അനാപ്ലാസ്മ) മൂലം ഉണ്ടാകുന്ന അധിക മരണ നിരക്ക്
- ഉല്പാദനത്തിലുണ്ടാകുന്ന കുറവ്
- അധിക ചികിത്സാ ചിലവ്
- ജന്തുജന്യ രോഗങ്ങളുടെ വ്യാപനം (CCHF)
- പട്ടുണ്ണി കടിക്കുന്നത് മൂലം തൊലിപ്പുറത്തുണ്ടാകുന്ന അലർജി
  മൃഗക്ഷേമ കുറവ്
- അടുത്തുള്ള ഫാമുകളിലേക്ക് പരാദ ബാധ പകരാനുള്ള സാധ്യത

### പട്ടുണ്ണി നിവാരണം ഉറപ്പാക്കിയാൽ

- മെച്ചപ്പെട്ട തീറ്റ പരിവർത്തനക്ഷമത
- മെച്ചപ്പെട്ട പ്രതിരോധ ശക്തിയും കന്നുകാലികളുടെ ആരോഗ്യവും
- പട്ടുണ്ണി പകർത്തുന്ന രോഗങ്ങളുടെ വ്യാപനം കുറയുന്നു
- മെച്ചപ്പെട്ട ഉല്പാദന ശേഷി
- ചികിത്സ ചിലവ് കുറയുന്നു
- ജന്തുജന്യ രോഗങ്ങളുടെ വ്യാപനം കുറയുന്നു
- മെച്ചപ്പെട്ട മൃഗ ക്ഷേമം

**പട്ടുണ്ണി നിവാരണം ഐഛികമല്ല — അത് അത്യന്താപേക്ഷിതമാണ്.**

വിശദ വിവരങ്ങൾക്കായി
ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് യൂ ട്യൂബിൽ വീഡിയോ കാണുക.